## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1321**  **12.07.2011-ൽ മറുപടിക്ക്.**

### കൃഷിക്കാർക്ക് ഗൺ ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് കൃഷിക്കാർക്ക് ഗൺ ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതുവരെ എത്ര പേർക്ക് ഇത്തരത്തിൽ ഗൺ ലൈസൻസ് കൊടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | : (ബി) 4475 തോക്കുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.<br>കാസർഗോഡ് താലൂക്ക് - 3091<br>ഹോസ്ദുർഗ്ഗ് താലൂക്ക് - 1384 |
| (സി) ഇങ്ങനെ നൽകിയ ഗൺ ലൈസൻസുകൾ പുതുക്കി കിട്ടുന്നതിന് ജില്ലാ ഭരണകൂടത്തിനെ ഏൽപ്പിക്കുന്ന ഗണ്ണുകൾ കർഷകർക്ക് പുതുക്കി തിരിച്ചു കൊടുക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (സി) ഇല്ല. |
| (ഡി) ഇത്തരത്തിൽ എത്ര അപേക്ഷകൾ പിടിച്ചുവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | : (ഡി) 1009 തോക്ക് ലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഇതിൽ ഭൂരിഭാഗം കേസുകൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും, പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും അനുകൂല റിപ്പോർട്ട് കിട്ടാത്തവയാണ്. |
| (ഇ) വന്യമൃഗങ്ങൾ കാർഷിക വിളകൾക്ക് കൂടുതൽ നഷ്ടം വരുത്തിക്കൊണ്ടി- രിക്കുന്ന ഇക്കാലത്ത് പിടിച്ചുവച്ചിരിക്കുന്ന ഗൺ ലൈസൻസുകൾ പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | : (ഇ) അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വന്യമൃഗങ്ങളിൽ നിന്നും (കാർഷിക വിളകൾക്ക്) വർദ്ധിച്ച ഭീഷണി നേരിടുന്നതിന് കർഷകരുടെ തോക്ക് ലൈസൻസുകൾ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പുതുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ